**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4781** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ ഉൾനാടൻ മത്സ്യലഭ്യത ഉറപ്പുവരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിലെ കായൽ പാടശേഖരങ്ങളിൽ കൂടുതൽ നാടൻ മത്സ്യ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിൽ നാടൻ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് 'സംയോജിത മത്സ്യ വിഭവ പരിപാലന പദ്ധതി' 2022-25 വർഷങ്ങളിൽ ആലപ്പുഴ കോട്ടയം ജില്ലകളിലായി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ വിവിധ പഞ്ചായത്തുകളുടെ പരിധിയിൽ 20 മത്സ്യസങ്കേതങ്ങളും 17 കക്ക സംരക്ഷണ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. മത്സ്യസങ്കേതങ്ങളും കക്ക സംരക്ഷണ യൂണിറ്റുകളും തനത് മത്സ്യങ്ങൾക്ക് പ്രജനനത്തിന് ആവശ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതു മൂലം മത്സ്യ സമ്പത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>ഇതിന് പുറമേ ജനകീയ മത്സ്യകൃഷി (JMK),സംയോജിത മത്സ്യ വിഭവ പരിപാലന പദ്ധതി എന്നീവ പ്രകാരം കുട്ടനാടൻ പ്രദേശത്ത് മത്സ്യവിത്തു നിക്ഷേപവും നടത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം നാടൻ മത്സ്യങ്ങളായ കരിമീൻ, പൂമീൻ, ആറ്റു കൊഞ്ച് തുടങ്ങിയ ഇനങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത്.<br><br>നാടൻ മത്സ്യ കൃഷി പ്രോത്സാഹനത്തിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നാടൻ മത്സ്യ ഇനങ്ങളായ കരിമീൻ വരാൽ എന്നിവയുടെ വിത്തുൽപ്പാദനത്തിനായി കർഷകരുടെ കൂടി പങ്കാളിത്തത്തോടെ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 2023-24 വർഷം 278 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 591 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തിട്ടുണ്ട്. 104.93 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 235 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 472 |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തിട്ടുണ്ട് . 111.73 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മത്സ്യതൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും ആയത് മറൈൻ/ ഉൾനാടൻ എന്ന് വേർതിരിവ് ഇല്ലാതെ മത്സ്യബോർഡ് മുഖേന നടപ്പാക്കി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ